Dr. D. Raghavendra Rao *(Chief Medical Officer):* I will explain the position to save the time of the Council. I am sorry I did not place this fact when I introduced my budget. The All India Tuberculosis scheme in memory of the King Emperor was started and a meeting was held here for collecting subscriptions, and all the Members who assembled there know full well what the response was for that fund, in spite of the fact that almost the whole amount was to come back to us. That amount was ear-marked for tuberculosis work in the State. Now the whole scheme has been formulated by the Central Government and an All India Commission has been instituted to enquire into these matters. The Medical Commissioner who is in charge of this work will be touring South India very soon. I have invited him to our State and he has consented to visit the State. He will be coming here as a State Guest. I feel that in about 2—3 months' time after the monsoon he will come here to study the conditions that are prevailing here and he will suggest means as regards the starting of the hospitals and sanatorium and their location. It is a thing where expert opinion is necessary to decide the question. We may all be willing to come forward with suggestions. These are matters which I think ought to be left to experts. I do not think that we can think of a better expert than the All India Tuberculosis Commission. When they come here the whole thing will be placed before them and Government intend starting a tuberculosis hospital at a place where they decide.

* **Mr. E. Ikkanda Warriar** *(Cheruthuruthi):* In the light of the statement made by the Chief Medical Officer that the question will receive sympathetic consideration I do not discuss it any further. As the matter is engaging the attention of the Government I do not wish to press this motion now.

The motion was, by leave, withdrawn.

Chairman: There are 3 motions No. 8 by Mr. V. P. Kannu Pillai, No. 12 in the name of Mr. Popatlal Goverdhan Lalan, and No. 24 in the name of Mr. Koder, all relating to the Maharaja's Hospital, Palluruthi. We will take them together.

Cut Motion No. 9.

Improvements to the Maharaja's Hospital, Mattancheri.

***Mr. V. P. Kannu Pillai** *(Mattancheri): I move to reduce the allotment of Rs. 1,30,592 for establishment by Re. 1.* (മട്ടാഞ്ചേരി മഹാരാജാശുപത്രിക്കു വേണ്ടതായ പരിഷ്കരണങ്ങൾ ചെയ്യുന്നതിനെ വേ ബന്ധിച്ചു സംസാരിപ്പാൻ). സർ, ഈ ഉപക്ഷേപം മട്ടാഞ്ചേരിയിൽ ഇപ്പോ ഉള്ള പണിതിട്ടുള്ളതായ മഹാരാജാസ് ഹോസ്പിറ്റൽ ഒന്നു നേരെയാക്കുന്നതി

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ന്ന ഗവമ്മെൻറിനെ ഉൽബോധിപ്പിക്കുവാൻ മാത്രമായിട്ടുള്ളതാണ്. ഇതു പത്തിനാലുകൊല്ലമായിട്ടുണ്ടായ ലഹളയുടെ ഫലമായിട്ടാണ് ഈ ആശുപത്രി അവിടെ സ്ഥാപിച്ചിട്ടുള്ളതു്. അങ്ങിനെ ഗവമ്മെൻറ് വലിയ കായ്ക്കുമായി സ്ഥാപിച്ചിട്ടുള്ള ഈ ആശുപത്രിയുടെ ചുറ്റും ഒരു വേലിപോലുമില്ലാത്തതരത്തിലാണ സ്ഥിതിചെയ്യുന്നതു്. റോഡിൽ കൂടി ബസ്സു പോയാൽ മുറ്റിയിൽ മുഴുവൻ പൊടികയറും. അതുകൊണ്ടു് ബസ്സും കാറും പോയാൽ മുറികളിൽ പൊടികേറാത്തവിധത്തിൽ അതിനു് ഒരു മതിലോ വേലിയോ കെട്ടിയാൽ മതിയായിരുന്നു.

പിന്നെ ആശുപത്രി സ്ഥിതിചെയ്യുന്നതായ കാമ്പൌണ്ടിൻെറ സ്ഥിതി നോക്കുകയാണെങ്കിൽ മഴ പെയ്താൽ അവിടെ വെള്ളം കെട്ടിനില്ക്കും. എറയത്തു രോഗികൾ കിടക്കുന്നുമുണ്ടു്. മഴപെയ്താൽ എറയത്തു കിടക്കുന്ന രോഗികൾക്കു കഴിച്ചുകൂട്ടുവാൻ വളരെ ബുദ്ധിമുട്ടാണു്. ആശുപത്രിയുടെ ഈ സ്ഥിതിയെപ്പറ്റി ചീഫ് മെഡിക്കലാപ്പീസർ അവർകൾ ഗവമ്മെൻറിനെ ശരിക്കു ധരിപ്പിക്കാത്തതുകൊണ്ടാണു് ഗവമ്മെൻറ് ഒന്നും ചെയ്യാതിരിക്കുന്നതു് എന്നാണു് എനിക്കു തോന്നുന്നതു്. ഗവമ്മെൻറ് അറിഞ്ഞുകൊണ്ടു് ഇങ്ങിനെ ആളുകളെ കഷ്ടപ്പെടുത്തുമെന്നു് എനിക്കു തോന്നുന്നില്ല. അതിൻെറ കുറ്റം മുഴുവനും ചീഫ് മെഡിക്കലാപ്പീസർക്കാണു്.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Did the public contribute anything for this purpose?

മിസ്റ്റർ വി. പി. കണ്ണപ്പിള്ള: മട്ടാഞ്ചേരിയിൽ നിന്നാണെങ്കിൽ അനവധി ലക്ഷം ഉറുപ്പിക ഗവമ്മെൻറിലേക്കു നികുതിയായി കിട്ടുന്നുണ്ടു്. എന്നാൽ ഗവമ്മെൻറ് അതിലെ ഒരു ഭാഗമെങ്കിലും മട്ടാഞ്ചേരിയിൽ ചിലവാക്കുന്നില്ല. അവിടെയുള്ളവരെ ശ്വാസംമുട്ടിച്ചാണു് ഗവമ്മെൻറ് പണം പിരിക്കുന്നതു്. ഇൻകം ടാക്സ് ഒരിനത്തിൽതന്നെ നൂലക്ഷം ഉറുപ്പിക ഗവമ്മെൻറിലേക്കു മട്ടാഞ്ചേരിയിൽനിന്നു കിട്ടുന്നുണ്ടു്. അതിൽ നിന്നു് എന്തെങ്കിലും ഒരു വീതം ചിലവുചെയ്താൽ മതിയായിരുന്നു. ചീഫ് മെഡിക്കലാപ്പീസറാണെങ്കിൽ വല്ല പാട്ടിക്കൊക്കെ വന്നുപോരുന്നതല്ലാതെ വേറെ ഒരു കാര്യത്തിന്നും അവിടെ വരാറില്ല. അദ്ദേഹം തന്നെയല്ല ഗവമ്മെൻറിലെ വലിയ ഉദ്യോഗസ്ഥന്മാർ ആരുംതന്നെ വരാറില്ല. മട്ടാഞ്ചേരിക്കു വേണ്ടി ഗവമ്മെൻറ് ഒന്നും ചെയ്യാതിരിക്കുന്നതു് അവർ പണക്കാരാണു്; അതുകൊണ്ടു് ആവശ്യമുള്ളതു് അവർതന്നെത്താനെ ചെയ്തുകൊള്ളും എന്നു വിചാരിച്ചുകൊണ്ടാണെന്നു തോന്നുന്നു.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അവിടെ മുനിസിപ്പാലിറ്റിയില്ലേ?

മിസ്റ്റർ വി. പി. കണ്ണപ്പിള്ള: ഈ ആശുപത്രിയുടെ പേരിനെ ഓത്തെങ്കിലും ഗവമ്മെൻറ് അതിനു വേണ്ടതായ പരിഷ്കരണങ്ങൾ ഉടനെ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ പോപ്പുറവലാൽ ഗോവിന്ദലാലൻ: സർ, ഈ കട്ടുമോഷണത്തെ ഞാൻ അനുകൂലിക്കുന്നു. മഹാരാജാസ് ഹോസ്പിറ്റലിനു ഇമ്പ്രൂവ്മെൻറ്സ് വേണ്ടതാണെന്ന കാര്യം ഗവമ്മെൻറിനെ ധരിപ്പിക്കുവാനായി രണ്ടു മൂന്നു പേർ ഇവിടെ ഉപക്ഷേപങ്ങൾ അവതരിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതിൽ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

നിന്നതന്നെ ഈ കട്ട്മോഷനിൽ പറഞ്ഞിട്ടുള്ള സംഗതികൾ എത്രയും അത്യാവശ്യമായിട്ടുള്ളതാണെന്നു കാണാവുന്നതാണ്. മഹാരാജാസ് ഹോസ്പിറലിൽ വരുന്ന രോഗികൾ കന്നുകാലികളോ മനുഷ്യരോ ആണോ എന്നു ചീഫ് മെഡിക്കൽ പ്രിസിഡന്റോട് ഞാൻ ചോദിക്കുന്നു. മനുഷ്യരാണ് അവിടെ വരുന്നതെങ്കിൽ ഗവൺമെൻറ് ഇത്രയും ശോചനീയമായിട്ടുള്ള നിലയിൽ അതിനെ വെച്ചിരിക്കുകയില്ല. ഇപ്പോൾ അവിടെ പേഷ്യൻസ് കിടക്കുന്നതായ സ്ഥലം പണ്ടത്തെ ഓഴുത്തുപോലെയാണിരിക്കുന്നത്.

ബഹുമാനപ്പെട്ട അവതാരകൻതന്നെ ഗവൺമെൻറിനെ ധരിപ്പിക്കുകയുണ്ടായി, ആശുപത്രിയുടെ അടുത്തുള്ള റോഡിൽകൂടി ബസ്സും കാറും പോകുമ്പോൾ മുറികളിൽ പൊടി കയറുന്നതുകൊണ്ട് അവിടെ കിടക്കുന്ന രോഗികൾക്കു വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്ന്. മഹാരാജാസ് ഹോസ്പിറലിനു ചുറ്റുമതിൽ ഒരു കെട്ടിടം പണിതിട്ടുണ്ട്. അവിടെയാണ് സ്ത്രീകളെ കിടത്തിയിരിക്കുന്നത്. എന്നാൽ അതിനും ഒരു മറവോ, വേലിയോ, മതിലോ ഒന്നും തന്നെ ഇല്ല. അതിനെപ്പറ്റി വിചാരിക്കുവാനും കൂടി നിവൃത്തിയില്ലാത്ത നിലയിലാണ് അവിടത്തെ സ്ഥിതി. ഉദ്യോഗസ്ഥന്മാരുടേയോ അവരുടെ ബന്ധത്തിൽപെട്ട ഏതെങ്കിലും സ്ത്രീകളെയാണ് ഇങ്ങനെ ആശുപത്രിയിൽ കൊണ്ടുപോയി കിടത്തുന്നതെങ്കിൽ അവർ അതിനു അനുവദിക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നത്. സാധുക്കളായ സ്ത്രീകൾ, അവരുടെ രോഗനിവാരണത്തിനായിട്ട് ഏതെങ്കിലും വിധത്തിൽ കിടന്നുകൊള്ളുമെന്നു വിചാരിച്ചു മാത്രമാണ് ഗവൺമെൻറ് ഇങ്ങിനെ ഇതിനു ഒരു വേലി പോലുമില്ലാതെ ഇട്ടിരിക്കുന്നത് എന്നാണ് എനിക്കു തോന്നുന്നത്. ഏതു തരത്തിലാണ് മഹാരാജാസ് ആശുപത്രി നടത്തുവാൻ പോകുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. റോഡിൽ കൂടി പോകുന്ന ആളുകൾക്കു രോഗികൾ കിടന്നു കഷ്ടപ്പെടുന്നതു കാണാം. കൊച്ചീരാജ്യത്തിലെ ഒരു പ്രധാന പട്ടണമായ മട്ടാഞ്ചേരിയിൽ, പ്രത്യേകിച്ച് ധാരാളം വരവുള്ളതായ ഒരു ടെഴണിൽ ഇങ്ങിനെ അപരിഷ്കൃതമായ വിധത്തിൽ ഒരു ഹോസ്പിറൽ നടത്തിക്കൊണ്ടു പോകുവാൻ ഗവൺമെൻറിനു ലജ്ജയില്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. (ഹിയർ, ഹിയർ).

ജനറൽ വാർഡ് കെട്ടിയിരിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർതന്നെ ഇവിടെ പറയുകയുണ്ടായി. വെറുതെ ഒരു ഹാൾ കെട്ടുന്നതുപോലെ കെട്ടിയിരിക്കുകയാണ്. കാലത്തു സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ വൈകുന്നേരംവരെ സൂര്യരശ്മി കെട്ടിടത്തിന്റെ അകത്തു തട്ടും. മഴ പെയ്തുകഴിഞ്ഞാൽ വെള്ളം പുറത്തേക്ക് ഒഴുകിപ്പോകുന്നതിനു യാതൊരു വഴിയും ഇല്ല. ആശുപത്രിയുടെ ചുറ്റുപാടും നോക്കിയാൽ കുണ്ടും കുഴിയുമായിട്ടാണ കിടക്കുന്നത്. കായലിൽ ഏറ്റം കൊള്ളുമ്പോഴെല്ലാം കായലിൽ കിടക്കുന്ന ചവറുകളൊക്കെ അവിടെ അടിഞ്ഞുകയറും. വെള്ളം ഇറങ്ങിപ്പോയികഴിഞ്ഞാൽ അടിഞ്ഞുകയറിയ ചവറും അവിടെതന്നെ കിടക്കുകയും ചെയ്യും. ഇതാണോ ഒരു മഹാരാജാസ് ഹോസ്പിറലിന്റെ സ്ഥിതിയെന്നാണു ഞാൻ ചോദിക്കുന്നത്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : അവിടെ കൊതുകുണ്ടോ ?

* മിസ്റ്റർ പോപ്പുറ്റ്ലാൽ ശോവദ്ധനലാലൻ : കൊതുകിന്റെ ഉപദ്രവം ധാരാളമുണ്ട്. മന്തില്ലാത്തവർക്കു മന്തു്, ടൈഫോയിഡ്, പനി ഇതൊക്കെ കൊതുകുണ്ടാക്കി തീർക്കുന്നുണ്ട്. ഇതിനെല്ലാം ഒരു നിവാരണം ഗവൺമെണ്ടു ചെയ്യുമെന്നുണ്ടെങ്കിൽ ചെയ്യണം. അല്ലെങ്കിൽ ചെയ്യുകയില്ലെന്നു

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

പറയണം. പണമില്ലെന്ന വാദം ഇനി ഗവമ്മെണ്ടിനു പറയാൻ നിവൃത്തി യില്ല. ഇതെല്ലാം കേട്ടിട്ട് ഗവമ്മെണ്ടിനു നാണമില്ലേ എന്നു ഞാൻ ചോദി ക്കുന്നു. (ചിരി). ഞങ്ങൾ ഗവമ്മെണ്ടിനോടു പറഞ്ഞിട്ടു ചെയ്തില്ലെങ്കിൽ ഞങ്ങൾക്കു നാണമില്ല. ഞങ്ങൾ ഞങ്ങളുടെ കടമ നിവ്വഹിക്കയാണ്. നമ്മു ടെ ദിവാൻജിയുടെ ഒരുപ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട് കൊച്ചി Queen of the Arabian Sea ആണെന്നു്. ആ റാണിയെ കാണാനായി അന്യ രാജ്യങ്ങളിൽ നിന്നു് ആരെങ്കിലും വരുമ്പോൾ അവർ മഹാരാജാസു് ഹോസ്പിറ്റൽ പോലും കാണുകയാണെങ്കിൽ നമ്മുടെ ഗവമ്മെണ്ടിനു വളരെ അപമാനമുണ്ടാകും. അ തുകൊണ്ടു കഴിയുന്നതും വേഗത്തിൽ ആ ഹോസ്പിറ്റലിനു വേണ്ട പരിഷ്കര ണങ്ങൾ ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾ ആശുപത്രിക്കു വേലി കെട്ടുവാൻ പാടി ല്ല എന്നു നിശ്ചയമുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു: വേലി വേണ്ട എന്നു നിർബ്ബന്ധമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: മട്ടാഞ്ചേരി ആശുപത്രിയുടെ പടിഞ്ഞാറുവ ശം ഒരു വേലികെട്ടുവാൻ ദയവുണ്ടാകുമോ?

സർ, മട്ടാഞ്ചേരി ആസ്പത്രിയെപ്പറ്റി ബഹുമാനപ്പെട്ട രണ്ടു മെമ്പർമാ രും ഇവിടെ പറഞ്ഞ ന്യൂനതകളെല്ലാം പരിഹരിക്കേണ്ടതാണ്. സർജൻ ജ നറൽ ഇവിടെ വന്നു് ആ കെട്ടിടം നോക്കിയതിൽ പ്രശംസാർഹമായിട്ടുള്ള അഭിപ്രായമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു പറയുകയുണ്ടായി.

സർജൻ ജനറൽ വാസ്തവത്തിൽ ഒരു സംഗതി മനസ്സിലാക്കാതെ പോ യിട്ടുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. മഹാരാജാസു് കോളേജിൽ പോ യാൽ—എന്റെ അനുഭവം വെച്ചുകൊണ്ടു പറയുകയാണു്—തരിക്കു കാറ്റു കി ട്ടുന്ന തരത്തിലല്ല ആ കെട്ടിടം കെട്ടിയിരിക്കുന്നതു് എന്നു കാണാം. അവിടെ തന്നെയുള്ള പഴയ കെട്ടിടത്തിൽ നല്ലവണ്ണം കാറ്റു കിട്ടുന്നുണ്ടു്. പഴയ കോ ളേജു് കെട്ടിടത്തിൽ ഇരുന്നാൽ കിട്ടുന്നിടത്തോളം സുഖം പുതിയ കോളേജു് കെട്ടിടത്തിൽ കിട്ടുവാൻ നിവൃത്തിയില്ല. ഇവിടെ ബീച്ചിലുള്ള കെട്ടിടങ്ങൾ കെട്ടിവരുന്നതു് കിഴക്കുപടിഞ്ഞാറായതുകൊണ്ടാണു് കാറ്റു കിട്ടാത്തതു്. അ തു കിഴക്കു തെക്കുവടക്കായി കെട്ടുന്നതായാൽ തരിക്കു കാറ്റു കിട്ടുന്നതാണു്. അതാണു് ഇവിടത്തെ സ്ഥിതി. സർജൻ ജനറൽക്കു് ഇവിടത്തെ കാറ്റിന്റെ സ്ഥിതി അറിഞ്ഞുകൂടെന്നാണു് എനിക്കു തോന്നുന്നതു്. പിന്നെ ഇവിടത്തെ കെട്ടിടത്തിനു വേറെ ഒരു കുഴപ്പമുള്ളതു് മഴയും വെയിലും കെട്ടിടത്തിനു പു റത്തു പോകയില്ല; എല്ലാം അകത്താണു്. അതായതു് ആറു മാസത്തെ മഴയും ആറു മാസത്തെ വെയിലും ഇവിടത്തെ ഗവമ്മെണ്ടു കെട്ടിടത്തിന്റെ പുറത്തു പോകുന്നില്ല. പള്ളുരുത്തി ആസ്പത്രി കെട്ടിടം എത്ര കേമമായിരുന്നാലും അ വിടെ ചെന്നുനോക്കിയാൽ അവിടത്തെ പരിസരം അനാഥമായ നിലയിൽ കിടക്കുന്നതായി തോന്നും. ആസ്പത്രിയുടെ പടിഞ്ഞാറെ വശത്തുള്ള മൂറികൈ റോഡിന്റെ അടുത്താണു്. ആ വശത്തു മതിൽ ഉടനെ കെട്ടാൻ ഇടയില്ലെ ങ്കിൽ വേലിയെങ്കിലും കെട്ടിയാൽ കൊള്ളാം.

* **Mr. Shabdai S. Koder** *(Nominated):* Mr. President, Sir, my cut motion is *to urge the necessity of constructing pay wards in the Maharaja's Hospital, Palluruthi.* All the amenities suggested by the other hon'ble members are also necessary. The construction of the pay wards is also an important necessity and I hope that the Government will consider this aspect of the question also.

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. എം. പീറർ : ഇതുവരെ ഈ കൌൺസിലിനെ പലതരത്തിൽ ബാലട്ടിക്കൊണ്ടിരുന്നതു കമ്മ്യണൽ ജസ്റ്റീസ്, അതായതു, സവർണ്ണമേധാവിത്വമായിരുന്നു. അതു മാറി ഇപ്പോൾ ദേശമേധാവിത്വമാണ്. ചില ദേശങ്ങളിലേയ്ക്കു കൂടുതൽ സംഖ്യ അനുവദിക്കുന്ന കാര്യത്തിൽ ശവമ്മെണ്ടു രയ്യാറാണ്. ബാക്കി ചില സ്ഥലങ്ങളിലേയ്ക്കു വളരെ കുറവായ സംഖ്യയാണു അനുവദിക്കുന്നതു. ശവമ്മെണ്ടിന്റെ ഈ നയത്തെയാണു ഞാൻ പ്രതിഷേധിക്കുന്നതു. കൊച്ചിയുടെ കാര്യത്തിൽ—കായലിനു പടിഞ്ഞാറുള്ള ദേശങ്ങളുടെ കാര്യത്തിൽ—ശവമ്മെണ്ടു എടുത്തിട്ടുള്ള നിലവാരം അതുപേക്ഷികരമാണ്. കൊച്ചിരാജ്യത്തിലെ ആകെ മുതലെടുപ്പിൽ വളരെ വലിയൊരു സംഖ്യ കൊച്ചിയിൽ നിന്നാണു ലഭിക്കുന്നതു. ൽ ലക്ഷം രൂപ ഇങ്കംടാക്സ് ഉണ്ടെങ്കിൽ അതിൽ ൪ ലക്ഷവും കൊച്ചിയിൽ നിന്നായിരിക്കും പിരിയുന്നതു.

മട്ടാഞ്ചേരിയിൽ ഒരു ഹാസ്പിറൽ ഉണ്ടാക്കീട്ടുണ്ട്. അതൊരു ആശുപത്രി ആയിട്ടില്ല, വെറുമൊരു വഴിയമ്പലമെന്നാണു കാണുന്നവർക്കു തോന്നുക. കൊച്ചീക്കാർ എന്തൊരപരാധമാണു ചെയ്തിരിക്കുന്നതെന്നറിയുന്നില്ല. ഏതുതരത്തിൽ ആയാലും ആ ഹാസ്പിറലിൽ അവശ്യം വേണ്ട സൌകര്യമുണ്ടാക്കിതരണമെന്ന ഒരപേക്ഷ എനിക്കുള്ളതു.

Dr. D. Raghavendra Rao *(Chief Medical Officer):* Sir, we have to go a little deep to know how the Maharaja's Hospital, Mattancheri has developed to what it is to day. Some years ago when the out-patient department at Mattancheri was located close to the Magistrate's Court the inadequacy of the medical treatment at Mattancheri was brought to the notice of the Government. I know it was due to the incessant efforts of Mr. Koder (Senior) that the present site was pitched upon for the location of the hospital. About nine years ago it was acquired, but subsequently it was found that the acquired plot was too small for the purpose and that portion of the land to the east of the road was also acquired. The acquisition cost itself came to a very large amount. An out-patient department was constructed first. It was not possible to foresee what amount we would be in a position to devote for the construction of the main hospital and subsequently it was that the main hospital was taken up. When the main hospital was built, the Chief Engineer went and saw the condition of the land there and found that to locate the hospital in an east west direction would be a difficult task, because of the condition of the soil underneath. It is after a great deal of examination and inspection of the locality and the sub-soil that he came to the conclusion that firm ground was further located to the west and the present site was fixed. We have to go by the opinion of the expert in these matters and therefore we could not think of having a building which would have, perhaps, looked nicer and more artistic if it had faced the backwater. That is the position.

മിസ്റ്റർ കെ. അയ്യപ്പൻ : സ്ഥലമിപ്രാത്തതുകൊണ്ടാണോ എന്നറിയുന്നുമായി ഇങ്ങിനെ ഒരു കെട്ടിടമുണ്ടാക്കിയതു?

LIBRARY ARCHIVES Kerala Legislative Assembly

Dr. D. Raghavendra Rao *(Chief Medical Officer):* If facing of buildings is to be considered, always a building facing south is considered much more healthy than others. Buildings ought to face the south. That is an invariable condition in some parts.

മിസ്റ്റർ കെ. അയ്യപ്പൻ : സ്ഥലമില്ലെങ്കിൽ വേറെ സ്ഥലം വാങ്ങിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ കെട്ടിടം തെക്കുവടക്കായാലെന്താണ വിരോധം ?

മിസ്റ്റർ കെ. അയ്യപ്പൻ : കാറ്റു കിട്ടുന്നതിനു് ഏതു തരത്തിൽ പണിയുന്നതാണു സൌകര്യം ?

Dr. D. Raghavendra Rao *(Chief Medical Officer):* It may be more artistic if you face the building to the east and you can get a view of Venduruthy and the Harbour. But it is much more convenient to face north or south.

മിസ്റ്റർ കെ. അയ്യപ്പൻ : വെയിൽ വരാതിരിക്കാൻ വരാന്തയില്ലെ ?

Dr. D. Raghavendra Rao *(Chief Medical Officer):* This is a matter that has to be left to the experts. Any how it has already been constructed. Now, further improvements that are required for the hospital are the closure at least of the canal that lies to the north of the hospital which is really what the hon'ble member for Mattan cheri said. During high tide all dirt of the backwaters come in and when it subsides only the water goes out leaving all the dirt behind. This matter has been brought to the notice of the Government. Nurses' Quarters, Pay wards and certain other additions are also necessary. We have also to build a Resident Medical Officer's Quarters there. Then a good compound wall is also necessary to have privacy. All these things have been brought before the notice of the Government from time to time by me, and the Government have not been able to carry them out owing to paucity of funds. I dare say within the next two or three years, all these things will be carried out. Other institutions in the moffussil have also to be attended to along with this. In one year itself all the money for these improvements could not be found. I am sure within the next two or three years all these amenities will be provided for in the Maharaja's Hospital, Palluruthi.

മിസ്റ്റർ കെ. അയ്യപ്പൻ : മഹാരാജാസ് കോളേജിൽ വെയിലിന്റെ ഉപദ്രവമുണ്ടോ ?

Mr. V. K. Aravindaksha Menon *(Chief Engineer):* There is a proposal to construct compound walls on the western side of the hospital and also to fill the channel. The proposals are under the consideration of the Government.

മിസ്റ്റർ കെ. അയ്യപ്പൻ : വേലിയുടെ കാര്യം പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ഡി. രാഘവേന്ദ്രറാവു : വേലിക്ക പകരം മതിൽ കെട്ടാനാണ പോകുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ : അതെന്ന കെട്ടം ?

Dr. D. Raghavendra Rao *(Chief Medical Officer):* It will be very dirty. It will be much better to wait for the compound wall itself. The temporary fencing may last for a few months. But at the same time it would be nice to prevail upon the Municipality there to tar that portion of the road which lies close to the hospital. *(Hear, hear).*

Mr. Popatlal Goverdhan Lalan *(Mattancheri):* At least for as an experiment, they can do it.

Dr. D. Raghavendra Rao *(Chief Medical Officer):* Yes. If some hon'ble members prevail upon the Municipal Council to do that it will be a good thing.

* മിസ്റ്റർ വി. പി. കണ്ണപിള്ള : മൻപത്തു കൊല്ലമായി ഈ ആശുപത്രിയുടെ പണി തുടങ്ങീട്ട്. എന്നിട്ടും ഇതുവരെ പൂത്തി ആയിട്ടില്ല. ഈ സംഗതിയിൽ ഇത്ര സാവധാനമാണ മട്ടാഞ്ചേരിയുടെ കാര്യം. എല്ലാപേരുമായി നല്ല അടുപ്പമുള്ള മിസ്റ്റർ കോഡർ തുടങ്ങിയ ആളകലം കൂടി ശ്രമിച്ചിട്ടും ഇത്രയും കാലമായിട്ട കിട്ടിയതു വേലിയും മതിലുമില്ലാത്ത ഒരാശുപത്രി ആണ്. മട്ടാഞ്ചേരിയിൽ പ്രത്യേകിച്ച് ഒരു കാര്യംകൂടി നോക്കാനുണ്ട്. അവിടെ മുസ്ലീം സ്ത്രീകൾ ധാരാളമുണ്ട്. അവർ മറ്റുള്ളവരെപ്പോലെ പരസ്യമായി ആശുപത്രിയിൽ കിടക്കുകയില്ല. ഒരു പെയ്ഡ് വാർഡായാലും വേണ്ടില്ല സ്ത്രീകൾക്കൊരെണ്ണമുണ്ടാക്കി കൊടുക്കണമെന്ന എഴുതി അയച്ചിട്ട് അതിലും ശ്രദ്ധിച്ചിട്ടില്ല. ഈ തരമുള്ള ഒരു നയം മട്ടാഞ്ചേരിയോട കാണിക്കുന്നതു ശരിയല്ല.

എനിക്ക തോന്നുന്നതു മട്ടാഞ്ചേരിയിലെ വാസ്തവ സംഗതികൾ ചീഫ് മെഡിക്കൽ ആഫീസർ ഗവൺമെണ്ടിനെ അറിയിക്കാത്തതുകൊണ്ടാണ് ഇതൊന്നും നടക്കാത്തതെന്നാണ്. ഇപ്പോഴത്തെ ദിവാൻജിയാണെങ്കിൽ നല്ല കാര്യങ്ങൾ അറിയിച്ചാൽ ഉടനെ ചെയ്യുന്ന ആളാണ്.

മിസ്റ്റർ കെ. അയ്യപ്പൻ : അറിയിക്കാഞ്ഞതുകൊണ്ടും മറവുമല്ല.

മിസ്റ്റർ വി. പി. കണ്ണപിള്ള : സാധാരണ എഴുതുന്ന മാതിരി എഴുതിയാൽ പോര. വളരെ ശക്തിയായി അത്യാവശ്യമാണെന്നെഴുതണം. അതുകൊണ്ട് ഈവക കാര്യങ്ങളിലേയ്ക്ക ഗവൺമെണ്ടിന്റെ ശ്രദ്ധയെ കൊണ്ടുവരുവാനായി ഞാൻ ഈ കട്ടുമോഷൻ പ്രസ്സു ചെയ്യുന്നു.

The motion was put and carried.

Cut Motion No. 10.

An emergency ward for Kandakadavu Dispensary.

മിസ്റ്റർ ബി. എം. പീറർ : *To reduce the allotment of Rs. 1,30,595 for Medical Establishment charge by Re 1.* കണ്ടകടവു ഡിസ്പെൻസറിക്ക ഒരു എമർജൻസി വാർഡ് അനുവദിച്ചുകൊള്ളാമെന്നുണ്ടായിരു

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly